**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **01-09-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാദാപുരം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുവാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | നാദാപുരം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച സ്ഥലത്തേക്കുള്ള റോഡ് നിർമ്മാണം ആരംഭിച്ചപ്പോൾ നാദാപുരം പോലീസ് ബഹു.വടകര സബ് കോടതിയിലെ IA/13/2020 in OS 40/18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി നിർത്തിവച്ചു. ഇതിനെതിരെ നാദാപുരം അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ ബഹു.വടകര സബ് കോടതിയിൽ തേർഡ് പാർട്ടി ആയി കേസ് ഫയൽ ചെയ്യുകയും IA/22/2021 in OS 40/18 ൽ 29.03.2021 ൽ ബഹ കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.ഇക്കാര്യത്തിൽ അനുകൂലവിധിയല്ല ഉണ്ടായത്. നാദാപുരം സ്റ്റേഷൻ ഓഫീസർ വടകര സബ് കോടതിയിൽ കക്ഷി ചേർന്നുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കാമെന്ന് കോടതി ഉത്തരവിൽ പറഞ്ഞിരുന്നതിന്റെ അടിസ്ഥാനത്തിൽ കേസിൽ നാദാപുരം സ്റ്റേഷൻ ഓഫീസർ കക്ഷിചേർന്ന് നിയമനടപടികൾ തുടരുന്നതിനായി ബഹു.വടകര സബ്കോടതിയിൽ അപേക്ഷയും ബന്ധപ്പെട്ട രേഖകളും കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ നീക്കി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ ബഹു. കോടതിയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശത്തിനു വിധേയമായി മാത്രമേ തുടർ<br><br>നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ